**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4313** | **12/11/2019-ൽ മറുപടിയ്ക്ക്**

# കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് കർഷകർക്ക് ഈ സാമ്പത്തിക വർഷം എത്ര തുകയാണ് വായ്പയായി ഇതിനകം അനുവദിച്ചത്; | (എ) | സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ഈ സാമ്പത്തിക വർഷം 83642.27 ലക്ഷം രൂപയാണ് വായ്പയായി ഇതിനകം അനുവദിച്ചത്. |
| (ബി) | സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ നബാർഡ് നൽകുന്ന തുകയാണോ വായ്പാ വിതരണത്തിനായി ബാങ്ക് ഉപയോഗിക്കുന്നത്; | (ബി) | സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ നബാർഡ് നൽകുന്ന തുകയാണ് ബാങ്ക് വായ്പാ വിതരണത്തിനായി ഉപയോഗിക്കുന്നത്. |
| (സി) | ഇതിന് സർക്കാർ ഗ്യാരന്റി കമ്മീഷൻ ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം; പ്രസ്തുത തുക കുറയ്ക്കണമെന്ന് സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ; | (സി) | സർക്കാർ ഗ്യാരന്റി കമ്മീഷൻ ഈടാക്കുന്നുണ്ട്. വർഷാന്ത്യം ബാക്കി നിൽപ്പ് വായ്പാ തുകയുടെയും അതിന്റെ പലിശയുടെയും 0.75% ആണ് ഗ്യാരന്റി കമ്മീഷനായി ഈടാക്കുന്നത്.<br>ഗ്യാരന്റി കമ്മീഷൻ നിരക്ക് കുറയ്ക്കണമെന്ന് ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 2003 ലെ കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരന്റി ആക്ടിലെ വ്യവസ്ഥ പ്രകാരമാണ് ഗ്യാരന്റി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത്. |
| (ഡി) | ഒരു വർഷത്തിൽ കുറവുള്ള നിക്ഷേപം സ്വീകരിക്കുവാൻ ഗ്രാമവികസന ബാങ്കുകൾക്ക് അനുമതിയുണ്ടോ; ഇല്ലെങ്കിൽ അനുമതി നൽകുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പ്രാഥമിക ബാങ്കുകൾക്ക് നിലവിൽ നിക്ഷേപം സ്വീകരിക്കുവാൻ അനുമതി നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**